കൃഷി- നാളികേര വികസന ബോർഡുകൾ തമ്മിൽ ശീതസമരം

# നീര: ബജറ്റിൽ വകയിരുത്തിയ 15 കോടി പാഴായി

സ്വന്തം ലേഖകൻ

കണ്ണൂർ: നീര ഉൽപാദനവും വിപണനവും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ 2013- 14 ബജറ്റിൽ അനുവദിച്ച 15 കോടി രൂപ പാഴായി. ഉൽപാദനത്തിനായി രൂപീകരിച്ച കമ്പനികൾക്കായി ബജറ്റിൽ വകയിരുത്തിയ തുകയാണ് കൃഷിവകുപ്പിന്റെ പിടിപ്പുകേട് കൊണ്ട് പാഴായത്.

നാളികേര വികസനബോർഡിനു കീഴിലെ കേരകർഷക കൂട്ടായ്മകൾക്കും ഫെഡറേഷനുകൾക്കും കമ്പനികൾക്കും ബജറ്റിൽ അനുവദിച്ച തുക നൽകിയാൽ ഇന്ത്യയിലും വിദേശത്തുമുൾപ്പെടെ വൻഡിമാന്റുള്ള നീര ഉൽപന്നങ്ങൾ കൂടുതൽ വിപണിയിലെത്തിക്കാൻ കഴിയുമായിരുന്നു.

കൃഷിവകുപ്പും നാളികേര വികസന ബോർഡും തമ്മിലുള്ള ശീതസമരമാണ് തുക പാഴാകാൻ കാരണം. ബോർഡ് വഴി നീര ഉൽപാദനം നടത്താൻ വകുപ്പിന് താൽപര്യമില്ലാത്തതിനാൽ തുക അനുവദിക്കുന്നതിൽ കാലതാമസമുണ്ടായി.

കേരളത്തിൽ കുട്ടനാട്, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ മൂന്ന് നാളികേര ബയോപാർക്ക് സ്ഥാപിക്കുന്നതിനും തുക അനുവദിച്ചെങ്കിലും ഇതും പ്രഖ്യാപനം മാത്രമായി. ഇതിനായി പത്ത് കോടി രൂപ 2012- 13 ബജറ്റിലും 150 കോടി രൂപ 2014- 15 ബജറ്റിലും അനുവദിച്ചിരുന്നു.

കോഴിക്കോട് കുറ്റ്യാടിയിൽ നാളികേര വികസന പാർക്ക് ഒരു വർഷത്തിനകം ആരംഭിക്കുമെന്ന് 2014 ഫെബ്രുവരിയിൽ നിയമസഭയിൽ കെ.കെ ലതിക എം.എൽ.എയുടെ ചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചിരുന്നു. സർക്കാർ വകുപ്പുകളുടെ ഏകോപനമില്ലായ്മയാണ് ഈ പദ്ധതി അനിശ്ചിതത്വത്തിലാകാൻ കാരണം. കോഴിക്കോട് വേളം പഞ്ചായത്തിലെ മണിമലയിൽ നാളികേര പാർക്കിനായി 115 ഏക്കർ ഭൂമി 14.73 കോടി മുതൽ മുടക്കിൽ കെ.എസ്.ഐ.ഡി.സി ഏറ്റെടുത്തിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടന്ന ഭൂമി ഏറ്റെടുക്കലോടെ പദ്ധതികൾ നിശ്ചലമായി.

കേരളത്തിൽ 20 നാളികേര വികസന കമ്പനികളാണുള്ളത്. കമ്പനികൾക്കു കീഴിൽ 365 ഫെഡറേഷനുകളും ഫെഡറേഷനുകൾക്കു കീഴിൽ 6,466 സൊസൈറ്റികളുമുണ്ട്. ചിട്ടയായ പ്രവർത്തനത്തിലൂടെ മികച്ച ലാഭമുണ്ടാക്കാനാകുമെന്ന് കമ്പനികൾ സാക്ഷ്യപ്പെടുത്തുമ്പോഴാണ് കൃഷി വകുപ്പ് നടപടികൾ നീര വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്നത്. നീര ഉൽപാദനം ആരംഭിച്ച കേരളത്തിലെ 42 ലക്ഷത്തിലേറെയുള്ള കേരകർഷകരും പ്രതിസന്ധിയിലാണ്. ഉത്പാദനത്തിന് കർഷകർ തയാറാണെങ്കിലും വകുപ്പിന്റെ നിലപാടുകളാണ് നീരയുടെ വാണിജ്യസാധ്യതകളെ ഇല്ലാതാക്കുന്നത്. ഈ വർഷത്തെ ബജറ്റിലും നീര ഉൽപന്നങ്ങളുടെ ഉൽപാദന വിപണനങ്ങൾക്കായി 75 കോടി രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ഇതും പാഴായിപ്പോകാനാണ് സാധ്യതയെന്ന് കർഷകർ പറയുന്നു.